4

# ഏലി

# ദൈവപുരുഷനും സാത്താന്റെ മക്കളും

# (2:12 - 4:22)

ദുഃഖകരമായ ഒരു അപകീർത്തി 2:12-4:22-ൽ വെളിപ്പെടുത്തിയിരിക്കുന്നതായി കാണാം. ദേശം നേതൃത്വമില്ലാതാവുകയും, ഏതൊരു മേഖലയിലും നടത്തിപ്പില്ലാതാകുകയും, ഓരോരുത്തരും തനിക്കു നിയമം ആകുകയും ചെയ്തു. പുരോഹിതന്മാർക്കു നേതൃത്വം കൊടുത്തിരിക്കും, എന്നാൽ വേദഭാഗം പറയുന്നതു അവരും തരം താഴ്ന്നുപോയി എന്നാണ്. ഹന്ന തന്റെ വാൽസല്യപുത്രനായ ശമുവേലിനെ സമർപ്പിക്കുമ്പോൾ, ഒരു ഇരുണ്ട വാക്യം അതിനിടയിൽ പ്രത്യക്ഷപ്പെടുന്നു: "എന്നാൽ ഏലിയുടെ പുത്രന്മാർ നീചന്മാരും; യഹോവയെ ഓർക്കാത്തവരും ആയിരുന്നു" (2:12). അനന്തര ഫലമായി, എല്ലാം മോശമായിതീർന്നു. പ്രശ്നത്തിന്റെ മൂലകാരണം ഏലിയിലും അവന്റെ മക്കളിലും ആയിരുന്നു.

ഏലി ശീലോവിലെ മഹാപുരോഹിതനായിരുന്നു. അവൻ അഹരോന്റെ ഇളയമകനായ, ഇഥാമാറിന്റെ പിൻഗാമിയായിരുന്നു. അൻപത്തി - എട്ടാം വയസിൽ അവൻ യിസ്രായേലിന്റെ ന്യായാധിപനായി നാല്പതു വർഷം ന്യായപാലനം നടത്തി (4:18). ആദ്യം സൂചിപ്പിക്കുമ്പോൾ, അവനു എഴുപതു വയസിനോടടുത്ത് പ്രായമുണ്ടായിരുന്നു. അവൻ പ്രായമായപ്പോൾ അവനു രണ്ടു ആൺമക്കളുണ്ടായിരുന്നു, അവർ മറ്റു മദ്യപിക്കുന്ന മക്കളെപോലെ, മദ്യാസക്തരുമായിരുന്നു. അവൻ ഹന്നയെ ശാസിക്കുവാൻ കാണിച്ച താല്പര്യം, തന്റെ സ്വന്തമക്കളെ തിരുത്തുന്നതിൽ കാണിച്ചില്ല.

മറ്റെല്ലാ വിവരങ്ങളും നോക്കിയാൽ ഏലി ദൈവത്തിനു കീഴ്പ്പെട്ടു ഭക്തനായും മാന്യനായും കാണപ്പെട്ടു. നിയമപെട്ടകത്തെ അവൻ അതിയായി ബഹുമാനിച്ചിരുന്നു. തന്റെ മക്കളെ ശ്രദ്ധിക്കാതിരുന്നു എന്ന ഏക കുറ്റമേ നാം അവനിൽ കാണുന്നുള്ളൂ. പിശാചിന്റെ മക്കളായി തീർന്നാൽ ദൈവിക പിതാക്കന്മാർക്ക് വളരെ വേദനയുണ്ടാകുമെന്ന് അപ്പോഴത്തെ രേഖയിൽ അടിവരയിട്ടു പറയുന്നു. മതരഹിതമായ ജീവിതം നയിക്കുന്ന മകനുണ്ടായാൽ, ദൈവഭക്തനായ അപ്പനു, തലകുനിച്ചേ കല്ലറയിലേക്കു പോലും പോകുവാൻ സാധിക്കൂ. അത് ഏലിയെ സംബന്ധിച്ചു തികച്ചും വാസ്തവമായിരുന്നു.

**ആവശ്യമായ പരിമിതികൾ**

കുട്ടികളെ വളർത്തുന്നതിൽ ഏലി പരാജയപ്പെട്ടു! ഏലി ഔദാര്യമുള്ള

അപ്പനായിരുന്നു എന്നതിൽ സംശയമില്ല. തന്റെ മക്കളുടെ പാപത്തെ കുറിച്ചു ഏലിക്കു അറിവു കിട്ടിയപ്പോൾ, അവൻ അതിനെ കാരണമായി എടുത്തില്ല. അവൻ അവരെ ശാസിച്ചു എങ്കിലും കഠിനമായി ശാസിച്ചില്ല. ഒരു ന്യായാധിപനും മഹാപുരോഹിതനും എന്ന നിലയിൽ, അവന്റെ കടമ വ്യക്തമായിരുന്നു. അവൻ അവരെ ഉടനെ പ്രവർത്തനങ്ങളിൽ നിന്നു നീക്കുകയും അവരെ കല്ലെറിഞ്ഞുകൊല്ലുവാൻ വിടുകയും വേണമായിരുന്നു (ലേവ്യാപുസ്തകം 18:6, 20, 29; 20:10; 21:6, 7, 17, 23). തന്റെ മക്കളുടെ പാപം അതിരു കടക്കുന്നതാണെന്നു അവൻ അറിഞ്ഞിരുന്നു (2:22), എങ്കിലും അവൻ അതിനെ കഷ്ടിച്ച് ആക്ഷേപിക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നു. അവൻ തന്റെ അധികാരത്തെയും നീതിയേയും ഉപയോഗിച്ചില്ല. ഒരാൾ നിരീക്ഷിച്ചത് മനുഷ്യരോടുള്ള അന്യായത്തെ സംബന്ധിച്ച്, അവൻ നിശ്ശബ്ദനായിരിക്കയും, എന്നാൽ ദൈവത്തോടു അവൻ കൂടുതൽ സൗമ്യനാകുകയുമാണ് എന്നത്രെ!

കൂടുതൽ കർക്കശമായാലും ചില കുട്ടികൾ മോശമാകും (കൊലൊസ്യർ 3:21), പക്ഷെ മിതമായ ശാസനയാൽ അനേകം കുട്ടികൾ വഷളായി പോകുന്നു. പിതാക്കന്മാർ മക്കളെ അനുവദിക്കുന്ന മേഖലകളിൽ രണ്ടു മേഖലകൾക്കെതിരെ സൂക്ഷിക്കണം. ഒന്നു അച്ചടക്കത്തിൽ അനുവദിക്കലാണ് (3:13; 2:25). “ശാസന” എന്ന വാക്ക് സൂചിപ്പിക്കുന്നത് ബലം കുറക്കുക, താഴ്ത്തുക, അല്ലെങ്കിൽ ശക്തിയില്ലാതാ ക്കുക എന്നാണ്. ഏലിക്കു തന്റെ മക്കളെ ശക്തമായി ശാസിക്കാമായിരുന്നു. പക്ഷെ അവൻ ചെയ്തില്ല. രണ്ട് രക്ഷകർത്തൃത്വ നടത്തിപ്പ് അനുവദിക്കലാണ് (2:12, 17). മാതാപിതാക്കളുടെ നിയന്ത്രണത്തിൽ നിന്നു വിട്ടുപോകുന്ന മക്കൾ വളർന്നു പ്രായപൂർത്തിയാകുമ്പോൾ നിരുത്തരവാദിത്വമുള്ളവരായി തീരും. ചില കാര്യങ്ങളിൽ രക്ഷകർത്താക്കളുടെ, “എവിടെയാണ് ഞങ്ങൾക്കു തെറ്റു പറ്റിയത്?” എന്ന ചോദ്യത്തിനു ഉത്തരം നൽകുവാൻ സാധിക്കുകയില്ല. എന്നാൽ ഏലിയുടെ കാര്യത്തിൽ ഉത്തരം ഉണ്ടായിരുന്നു. തന്റെ മക്കളുടെ നാശത്തിനു അവൻ അനുവദിക്കയായിരുന്നു (4:11), അതു തന്നെയും ബാധിച്ചു (4:18), മറ്റുള്ളവരേയും (4:22).

*അനുവദിച്ചുകൊടുക്കുന്ന രക്ഷകർത്തൃത്വം വൈപരീത്യഫലം ഉളവാക്കും.* ഏലിയുടെ കുടുംബത്തെ ശ്രദ്ധിക്കുക. ദൈവാലയത്തിലെ പെരുമാറ്റത്തിൽ അവിശ്വസനീയമായ കാര്യങ്ങൾ നടന്നു (1:14; 2:13, 14). യാഗവസ്തുക്കളിൽ ഒരംശം പുരോഹിതന്മാർക്കു കൊടുക്കുവാൻ ദൈവം കല്പിച്ചിരുന്നു (ആവർത്തനപുസ്തകം 12:18). ഏലിയുടെ മക്കൾ അത്യാർത്തിയുള്ളവരും അത്യാഗ്രഹികളുമായിരുന്നു. ആരാധകർക്കു അവകാശപ്പെട്ട മാംസവും അവർ എടുത്തിരുന്നു (ലേവ്യാപുസ്തകം 8:31; 2 ദിനവൃത്താന്തം 35:13). അവൻ ആളുകളെ കവർന്നെടുക്കുന്നതു പോരാഞ്ഞിട്ടു, ദൈവത്തെയും കവർന്നെടുക്കുവാൻ തുടങ്ങി. മേദസ് യാഗപീഠത്തിന്മേൽ ദൈവത്തിനായി ദഹിപ്പിക്കണമായിരുന്നു (ലേവ്യാപുസ്തകം 3:5–17; 7:31, 34), പക്ഷെ അവന്റെ പുത്രന്മാർ അതു ദഹിപ്പിക്കുവാൻ മടിച്ചു (2:17). അതു ദൈവദൂഷണപ്രവൃത്തിയായിരുന്നു, എന്നാൽ അവർ അതു നിർത്തിയില്ല. അവരിലെ മോഹം സമാഗമനകൂടാരത്തിൽ വന്ന സ്ത്രീകളുമായി പരസംഗത്തിലേർപ്പെടുവാൻ കാരണമായി (2:22). ഏലി വ്യത്യസ്തനായിരുന്നു! അവൻ ഭക്തിയുടെ പ്രതിരൂപമായിരുന്നു.

നിയമപെട്ടകത്തെക്കുറിച്ചുള്ള അവരുടെ കാഴ്ച്ചപ്പാടിൽ അന്തരമുണ്ടായിരുന്നു (4:3, 4; 4:13, 18). ഏലിയുടെ മക്കൾ നിയമപെട്ടകത്തെ കണ്ടത് അന്ധവിശ്വാസത്തിലായിരുന്നു. മതത്തെ അവർ ബാഹ്യമായ ഒരു ചടങ്ങായിട്ടാണ് കണ്ടത്. നിയമപെട്ടകം മർമ്മവും മാന്ത്രികവുമെന്നു കരുതി. എന്നാൽ ഏലിക്കു നിയമപെട്ടകം പരിശുദ്ധവും ഭയങ്കരവുമായിരുന്നു. അതുകൊണ്ടു അവൻ അതിനെ യുദ്ധഭൂമിയിലേക്കു കൊണ്ടു പോകുവാൻ അനുവദിച്ചില്ല. എന്നാൽ അവൻ പലപ്പോഴും എതിർക്കുന്നതിൽ വിജയിച്ചു. രണ്ടുപേരുടേയും നിയമപെട്ടകത്തെകുറിച്ചുള്ള കാഴ്ച്ചപ്പാടിൽ നിന്നു യഹോവയെക്കുറിച്ചുള്ള അവന്റെ ആശയം വ്യക്തമാകുന്നു.

ഓരോരുത്തർക്കും അവരുടെ സഹമനുഷ്യരോടുള്ള പെരുമാറ്റത്തിന്റെ രീതിയിൽ അന്തരമുണ്ടായിരുന്നു. മക്കൾ സ്വാർത്ഥരായിരുന്നു. സ്നേഹമില്ലായ്മ, അത്യാഗ്രഹം, വഷളത്വം എന്നിവ അവരുടെ സ്വഭാ വത്തിൽ ഉൾപ്പെട്ടിരുന്നതിനാൽ അവർ മറ്റുള്ളവരെ തങ്ങളുടെ സ്വാർ ത്ഥതക്കായി ഉപയോഗിച്ചു. ഏലി മറ്റുള്ളവരോടു അനുകമ്പയുള്ളവനായിരുന്നു (1:7) മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കയും ചെയ്തിരുന്നു (2:20). ഓരോരുത്തരും ദൈവത്തെ മനസിലാക്കുന്ന രീതിയിൽ അന്തരമുണ്ടായിരുന്നു. ഏലിയുടെ മക്കൾ അനാത്മികരും അവിശ്വാസികളും ആയിരുന്നു (2:12). അവർക്കു ദൈവവുമായി ഒരു കൂട്ടായ്മയുമില്ലായിരുന്നു, അവനോടു അനുകമ്പയില്ലായിരുന്നു, കടപ്പാടും ഇല്ലായിരുന്നു (2:12). ഏലി വ്യത്യസ്തനായിരുന്നു! (3:18; 4:13).

ഇത്തരം വ്യക്തമായ അന്തരങ്ങൾ ഉണ്ടാകുവാൻ കാരണം ഏലി തന്റെ മക്കളെ അധികാരങ്ങളെ ആദരിക്കുവാൻ പഠിപ്പിക്കാതെയും പരിശീലിപ്പിക്കാതെയുമിരുന്നതാണ്. ആ രീതിലുള്ള വളർത്തൽ പിതാക്കന്മാർക്കു പലപ്പോഴും ദുഃഖമാണുളവാക്കുന്നത്.

പരമാവതി സ്വാതന്ത്ര്യം കൊടുക്കുന്നതിന്റെ അനന്തരഫലം ഭയങ്കരമാണ്. ഒന്നാമതു, കുടുംബസ്വാധീനം നഷ്ടമാകുന്നു (2:22-24). പാപം പാപിയിൽ മാത്രം ഒതുങ്ങുകയില്ല. ഓരോ മനുഷ്യനും മറ്റൊരാളുമായി ബന്ധപ്പെട്ടിരിക്കുന്നു; എല്ലാവരും എല്ലാവരേയും സ്പർശിക്കുന്നു. ഏലിയുടെ കുടുംബത്തിന്റെ മതിപ്പു എന്നേക്കുമായി പോയി! കുടുംബത്തിനകത്ത് പോരാട്ടം മൂർഛിച്ചു (2:25). ഏലി ഒരിക്കൽ തന്റെ മക്കളുടെ അപകടകരമായ പോക്കു കണ്ടു, അവരുടെ പ്രവൃത്തികൾ മാറ്റുവാൻ അവൻ ശ്രമിച്ചു, എന്നാൽ താമസിച്ചുപോയിരുന്നു, അപ്പോഴേക്ക് അവർ ദുഷ്ടതയിൽ വേരൂന്നുകയും മാറുവാൻ മടിക്കുകയും ചെയ്തു. ഒരു മത്സരമാണ് കാണാൻ കഴിഞ്ഞത്. ദൈവത്തോടുള്ള ആ കുടുംബത്തിന്റെ ഭക്തി വിട്ടുവീഴ്ച്ച ചെയ്യപ്പെട്ടു (2:29). 2:29-ലെ വാക്കുകൾ ഏലിയോടു സംസാരിച്ചു എന്നതു അവിശ്വസനീയമായി തോന്നുന്നു. യാഗങ്ങളെ "ചവുട്ടിക്കളഞ്ഞതിനു" ദൈവം ഏലിയെ കുറ്റപ്പെടുത്തി. അതിലാളനത്താൽ വിരളിപൂണ്ടു കഴുത്തിലെ നുകം മാറ്റിക്കളയുവാൻ "ചവിട്ടുന്ന" സൂചനയാണ് ആ വാക്കിലുള്ളത്. ദൈവകല്പനക്കു വിധേയമായി ജീവിക്കുവാൻ ഏലി തയ്യാറായില്ല എന്നതായിരുന്നു ഏലിയുടെ കുറ്റം! ഏലി ദൈവവുമായി ബന്ധം നിലനിർത്തുന്നതിനേക്കാൾ മക്കളുമായുള്ള ബന്ധം നിലനിർത്തുകയായിരുന്നു. യഹോവയേക്കാൾ മക്കളെ "ആദരിച്ചു" എന്നതായിരുന്നു ഏലിയുടെ കുറ്റം. ആ അനന്തരഫലം പൊതുവായതാണ്. അങ്ങനെയുള്ള അപ്പൻ സ്വന്ത തെറ്റു സമ്മതിക്കുന്നതിനേക്കാൾ ദൈവത്തെ, സഭയെ, അല്ലെങ്കിൽ ഉപദേഷ്ടാവിനെ എളുപ്പത്തിൽ

പഴിച്ചേക്കാം.

രണ്ടാമതു, കുടുംബത്തിന്റെ പാരമ്പര്യം ദുഃഖിക്കുവാൻ തുടങ്ങി (2:33; 4:13-17). ഏലിയും അവന്റെ മക്കളും സ്വയമായി അയോഗ്യരാണെന്നു തെളിയിക്കുകയും പൗരോഹിത്യത്തിൽ നിന്നു അവരെ നീക്കുകയും ചെയ്തു. അവരുടെ പേരുകൾ ഒരു വംശാവലിയിലും വരുന്നില്ല! അവർക്കു പിന്നീടു നിയമപെട്ടകം എന്നേക്കുമായി നഷ്ടപ്പെടുകയും ശീലോവിലെ സമാഗമനകൂടാരം വീണു പോകയും ചെയ്തു. ആ കുടുംബത്തിന്റെ പാപം നിമിത്തം, ദൈവം അവരുടെ ശക്തി ക്ഷയിപ്പിക്കുമെന്നു മുന്നറിയിച്ചിരുന്നു (2:31). അതു യുദ്ധക്കളത്തിൽ നിറവേറുകയുണ്ടായി (4:11), അവസാനം നോബിൽ (22:18), ശീലോവ് വീണു (സങ്കീർത്തനങ്ങൾ 78:60 മുതൽ). ഒരു ദൈവമനുഷ്യനു "സാത്താന്റെ മക്കളെ" വളർത്തുവാൻ കഴിയും എന്ന ദുഃഖസംഭവമാണ് ഏലിയിൽ നാം കാണുന്നത്. നിയമപെട്ടകം പിടിച്ചെടുത്ത ദിവസം, ഏലിയും മക്കളും മരിച്ചു. ആ ദുഃഖദിവസം, ഏലിയുടെ കുടുംബത്തിൽ ഒരു ശിശു ജനിക്കുകയും "മഹത്വം യിസ്രായേലിൽനിന്നു വിട്ടു" എന്ന അർത്ഥത്തിൽ പേർ വിളിക്കയും ചെയ്തു (4:21). ഏലിയുടെ കുടുംബത്തിന്റെ അവസാനത്തിനു യോജിച്ച പേരായിരുന്നു അത്. വിരളിപൂണ്ട് നശിച്ച മക്കൾ നിമിത്തം മഹത്വം വിട്ടുപോയി.

### പഠിച്ച പാഠങ്ങൾ

ഒന്നാമത്, ഏലിയുടെ പരാജയം വെളിപ്പെടുത്തുന്നത് രക്ഷകർത്താക്കൾ മക്കളെ വളർത്തുമ്പോൾ ചെയ്യരുതാത്തതിനെയാണ്: ദൈവകൽപനകളെ നിസാരമായി കാണരുത് (2:27-29). നിങ്ങളുടെ മക്കളുടെ ജീവിതത്തിലെ തെറ്റുകളെ ന്യായീകരിക്കയോ ദൈവത്തേക്കാളുപരി അവരെ ആദരിക്കയോ ചെയ്യരുത് (2:29). നിങ്ങളുടെ കുട്ടിയുടെ പാപത്തിനു ഓഹരിക്കാരനുമാകരുത് (2:29). നിങ്ങളുടെ പിതൃത്വകടമകളെ നിസാരമായി കാണരുത് കാരണം നിങ്ങൾ നിങ്ങളുടെ മക്കളോടു ചെയ്യുന്നതിന്റെ ഫലങ്ങൾ മറ്റുള്ളവരിൽ ഉളവാക്കും (2:30-36).

രണ്ടാമത്, എൽക്കാനയുടേയും ഹന്നയുടേയും രക്ഷകർത്തൃത്വ തത്വങ്ങളെ ഉപയോഗിക്കേണ്ട പ്രാധാന്യത്തെ എടുത്തു കാണിക്കയാണ് ഏലിയുടെ ഭയങ്കര പരാജയം: ഒരു കുട്ടി ദൈവത്തിന്റെ ദാനമായതുകൊണ്ട് അത് ഒരു വലിയ കടമയായി കരുതണം. ആത്മീയമൂല്യങ്ങളെ കൗമാരഹൃദയങ്ങളിൽ എത്തിക്കേണ്ട ആവശ്യത്തെ തിരിച്ചറിയുക. ദൈവത്തിനു മനോഹരമായ സ്വാധീനമായി നിങ്ങളുടെ മക്കൾ മാറേണ്ടതിനു അവരെ വളർത്തിക്കൊണ്ടുവരേണ്ടതിന്റെ ലക്ഷ്യത്തിനായി പരിശ്രമിക്കേണ്ടതിന്റെ ആവശ്യത്തെ നാം തിരിച്ചറിയണം. നിങ്ങളുടെ കുട്ടിയെ "ജീവനുള്ള കാലത്തോളം" ഉപദേശിക്കേണ്ട ആവശ്യത്തെ തിരിച്ചറിയുക. മാതാപിതാക്കൾ തങ്ങൾക്കു അറിയാവുന്നതു മാത്രമേ കുട്ടികളെ പഠിപ്പിക്കുവാൻ പറ്റൂ, അവരുടെ മനോഭാവമേ അവർക്കു കാണിച്ചു കൊടുക്കുവാൻ കഴിയൂ, അവർ വ്യക്തിപരമായി ദൈവത്തോടു കാണിക്കുന്ന ആദരവു അനുസരിച്ചു മാത്രമേ കുട്ടികളെ അതിനായി പ്രചോദിപ്പിക്കുവാനും കഴിയൂ.

**ഉപസംഹാരം**

രക്ഷകർത്തൃത്വം ഒരു "ഉറപ്പില്ല" കാര്യമാണ്. കുട്ടികളെ ദൈവഭക്തിയിൽ വളർത്തണമെങ്കിൽ ഉയരത്തിൽ നിന്നുള്ള ജ്ഞാനമാണ് അതിനാവശ്യം. തീർച്ചയായും അപ്പനും അമ്മക്കും തെറ്റുപറ്റും, എന്നാൽ ദൈവത്തിനു വേണ്ടിയുള്ള സമർപ്പണം മക്കളിൽ ജനിപ്പിക്കുന്ന ദൈവഭയമുള്ള രക്ഷകർത്താക്കൾ വളരെ കുറച്ചു തെറ്റുകളേ പ്രവർത്തിക്കൂ!

തന്റെ മക്കളിലെ "മദ്യാസക്തി"യും ആർത്തിയും ഏലി തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടു. ദൈവാധികാരത്തിൻ കീഴിൽ മക്കളെ നിലനിർത്തുവാൻ കഴിയാതിരുന്നതുകൊണ്ട് അവൻ ഹൃദയവേദനയോടെയാണ് മരിച്ചത്! (3:13).